റദ്ദാക്കുകയും പിഴവുകൾ പരിഹരിച്ച് 22-8-2016-ൽ പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുതായി ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ടി പരീക്ഷയുടെ മാർക്ക് റീ-ടോട്ടലിംഗ് ചെയ്യുന്നതിനും ഉത്തരക്കടലാസിന്റെയും സ്കോർഷീറ്റിന്റെയും പകർപ്പ് ലഭിക്കുന്നതിനും അപേക്ഷിക്കുന്നതിനായി 26-8-2016 വരെ സമയം കൊടുക്കുകയുണ്ടായിയെന്നും 25-8-2016-ൽ ടി യൂണിവേഴ്സിറ്റിയുടെ ഡീൻ (മെഡിസിൻ), ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ക്ലിനിക്കലും പ്രിക്ലിനിക്കലും) എന്നിവരടങ്ങിയ ഒരു പ്രത്യേക കമ്മിറ്റി യോഗം കൂടുകയും ഈ യോഗത്തിലെ തീരുമാനപ്രകാരം മാറ്റി പ്രസിദ്ധീകരിച്ച ടി പരീക്ഷാഫലത്തിൽ തോറ്റ വിദ്യാർത്ഥികൾക്ക് 2-ാം വർഷ എം.ബി.ബി.എസ്. പരീക്ഷ എഴുതുന്നതിനുള്ള അവസരം കണക്കിലെടുത്ത് ഈ പരീക്ഷ രണ്ടാഴ്ച സമയത്തേക്ക് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ പരീക്ഷാ ഫലപ്രകാരം രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷ ജയിച്ച വിദ്യാർത്ഥികൾക്ക് മൂന്നാം വർഷ എം.ബി.ബി.എസ്. പാർട്ട്-1 പരീക്ഷ എഴുതുന്നതിനായി 2-ാം വർഷ പരീക്ഷയുടെ ഫലപ്രഖ്യാപനത്തിനുശേഷം പ്രത്യേക പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിലേക്കായി രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷയുടെ ഫലപ്രഖ്യാപനം വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ സർവ്വകലാശാല പരീക്ഷകൾ കമ്പ്യൂട്ടർ സിസ്റ്റം വഴി ഏറ്റവും സൂക്ഷ്മമായി പരിശോധിച്ച് കുറ്റമറ്റ രീതിയിലും പരീക്ഷാഫലം കൃത്യസമയത്തുതന്നെ നടത്തുവാൻ ശ്രദ്ധിച്ചുവരുന്നുണ്ട്. ഭാവിയിൽ ഇത്തരം പിഴവുകൾ വരാതിരിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

**ഹോമിയോ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർമാർ**

224(238) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര ഹോമിയോ മെഡിക്കൽ കോളേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹോമിയോ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴുള്ള അസിസ്റ്റന്റ് പ്രൊഫസർമാരെ പി.എസ്.സി. വഴി നിയമിച്ചതാണോ;

(ഇ) താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ശമ്പളം നൽകുന്ന രീതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2 സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും 3 എയിഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും ഉൾപ്പെടെ 5 ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ ഉണ്ട്.

(ബി-ഇ) സർക്കാർ കോളേജുകളിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിലില്ല.

**ഒളവണ്ണ ആയുർവ്വേദ ആശുപത്രി**

225(239) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്.

**പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ**

226(240) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ ജീവിതത്തിന് ഏറെ പ്രസക്തിയുള്ള കാലത്ത് കേരളത്തിൽ എവിടെയെങ്കിലും സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) കൂടുതൽ പ്രകൃതി ചികിൽസാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോതമംഗലത്ത് ഒരു നാച്ചുറോപ്പതി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;